"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഫസീല.സി ഫയൽ ചെയ്ത ഒഎ (ഇകെഎം) 927/2023 നമ്പർ കേസിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് -അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2978/2023/H&FWD തീയതി,തിരുവനന്തപുരം, 10-11-2023

---

പരാമർശം:- 1. ഡോ.ഫസീല സി സമർപ്പിച്ച അപ്പീൽ അപേക്ഷ

2. ഒഎ (ഇകെഎം) 927/2023 നമ്പർ കേസിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ ഡോ.ഫസീല.സി യെ കുറ്റിപ്പുറം താലൂക്കാശുപത്രിയിലേക്ക് സ്ഥലംമാറ്റുകയുണ്ടായി. പ്രസ്തുത നടപടിക്കെതിരായി ടിയാൾ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും കൂടാതെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒഎ (ഇകെഎം) 927/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

(2) പ്രസ്തുത കേസിൽ പരാമർശം (2) പ്രകാരം ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പരാതിക്കാരിയേയും നാലുമുതൽ ആറുവരെയുള്ള എതിർകക്ഷികളായ ഡോ.സജിൻലാൽ. വി, അസിസ്ററന്റ് സർജൻ, താലൂക്കാസ്ഥാന ആശുപത്രി,പൊന്നാനി, ഡോ.ഷഹലത്ത്.എം, അസിസ്റ്റന്റ് സർജൻ സാമൂഹികാരോഗ്യ കേന്ദ്രം അമ്പലപ്പാറ, പാലക്കാട് ജില്ല, ഡോ.സബിൻ ബി, അസിസ്റ്റന്റ് സർജൻ, ജില്ലാ

ആശുപത്രി, നിലമ്പൂർ, മലപ്പുറം എന്നിവരെ നേരിൽ കേട്ടതിനുശേഷം പരാതിക്കാരിയായ ഡോ.ഫസീല.സി സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയായ A9- ൽ, വിധിപ്പകർപ്പ് കിട്ടി ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിന് നിർദേശിച്ചിരുന്നു.

(3) പരാമർശം (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകയേയും ടി ഹർജിയിലെ എതിർകക്ഷികളായ ഡോ.സജിൻലാൽ.വി, ഡോ.ഷഹലത്ത്.എം,എന്നിവരെയും 21.09.2023 തീയതി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ആറാം എതിർകക്ഷിയായ ഡോ.സബീൻ ബി, അസിസ്റ്റന്റ് സർജൻ ജില്ലാ ആശുപത്രി, നിലമ്പൂർ മലപ്പുറം ഹിയറിംഗിന് ഹാജരായിരുന്നില്ല.

(4) നേരിൽ കേൾക്കുന്ന വേളയിൽ, വിധവയും ചെറിയ കുട്ടികളുടെ മാതാവും ആണ് താൻ എന്ന പരിഗണന തരാതെയാണ് തന്നെ വളരെ അകലേക്ക് സ്ഥലം മാറ്റിയതെന്ന ആക്ഷേപം ഡോ.ഫസീല .സി ഉന്നയിക്കുകയുണ്ടായി. കൂടാതെ അസിസ്റ്റന്റ് സർജൻ തസ്തിക നിലവിൽ ഒഴിവുള്ള ഒതുക്കുങ്ങൽ പി എച്ച് സി യിൽ നിയമനത്തിന് പരിഗണിക്കണം എന്നും അതിന് ശേഷം അടുത്ത പൊതു സ്ഥലം മാറ്റത്തിലോ അതിന് മുന്നെയോ മഞ്ചേരി ജനറൽ ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവിൽ വിധവ എന്ന പരിഗണന നൽകി നിയമിക്കണം എന്നുമാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും ടിയാൾ നേരിൽ കേൾക്കുന്നവേളയിൽ സമർപ്പിച്ചു.

(5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ.ഫസീല.സി പൊതുസ്ഥലംമാറ്റ അപേക്ഷയിൽ നിയമനം ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിലേക്ക് നിയമനം നൽകിയിരിക്കുന്നത് അപേക്ഷകയേക്കാൾ സ്റ്റേഷൻ സീനിയോറിറ്റി ഉണ്ടായിരുന്ന അല്ലെങ്കിൽ പ്രത്യേക മുൻഗണന ഉണ്ടായിരുന്ന ഡോക്ടർമാരെ ആണ് . എന്നിരുന്നാലും വിധവ എന്ന പ്രത്യേക പരിഗണന നൽകിക്കൊണ്ട്, നേരിൽ കേൾക്കുന്ന വേളയിൽ ടിയാൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അപേക്ഷകക്ക് മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള

ഒഴിവിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ മഞ്ചേരി ജനറൽ ആശുപത്രിയിൽ 2024 പൊതുസ്ഥലംമാറ്റത്തിലൂടെയോ അതിനുമുൻപായോ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഇനി വരുന്ന ഒഴിവിൽ അപേക്ഷകയുടെ പ്രത്യേക മുൻഗണന അടക്കമുള്ളവ പരിശോധിച്ച് അർഹതക്കനുസരിച്ച് നിയമനം നൽകുന്നത് പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ , മലപ്പുറം
ഡോ.ഫസീല.സി., അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 10-11-2023 13:18:42
സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി 13/11/2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി